# ആലപ്പുഴ ജില്ലാ പഞ്ചായത്ത്

## [illegible]

## 2015 -16

# ആലപ്പുഴ ജില്ലാ പഞ്ചായത്ത്

# ബഡ്ജറ്റ് 2015 – 16

## പ്രസിഡന്റിന്റെ ആമുഖ പ്രസംഗം

ബഹുമാന്യ സഭാംഗങ്ങളെ,

ഭീതിജനകമായ സാമ്പത്തിക യാഥാർത്ഥ്യങ്ങളുടെയും അരക്ഷിതമായ സാമൂഹിക ചുറ്റുപാടുകളിലൂടെയും സംസ്ഥാനം കടന്നുപോകുമ്പോഴാണ് ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഭരണ കാലയളവിന്റെ അവസാന വർഷ ബഡ്ജറ്റുമായി ജനങ്ങളുടെ മുന്നിലേക്കെത്തുന്നത്.

2015–16 കാലയളവിൽ സാമ്പത്തിക മാർഗ്ഗരേഖയ്ക്കായി തയ്യാറെടുക്കുമ്പോൾ കാണാനിടയായ സംസ്ഥാനത്തിന്റെ സാമ്പത്തിക യാഥാർത്ഥ്യങ്ങൾ നമ്മുടെ സാമൂഹിക ജീവിതത്തിൽ ഉടലെടുക്കുന്ന അശാന്തിയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്.

ബഡ്ജറ്റ് ഉൾപ്പെടുള്ള നയരൂപീകരണ പ്രവർത്തനങ്ങളിലേയ്ക്ക് ഇറങ്ങുമ്പോൾ ഒരു ജനപ്രതിനിധി എന്ന നിലയിൽ കേരളത്തിന്റെ 'തിരിച്ചു പോക്കിൽ' ആശങ്ക തോന്നുന്നുണ്ട്. എന്നാൽ ആശങ്ക എന്ന ഇരുട്ടിനെ പഴിക്കാതെ ഇരുട്ടിലും ഒരു തിരിവെട്ടമാകാനാണ് ബഡ്ജറ്റിലൂടെയും, തുടർ പദ്ധതി പ്രവർത്തനങ്ങളിലൂടെയും ജില്ലാ പഞ്ചായത്ത് ശ്രമിക്കുന്നത്. വികസന മാതൃകയായി കൊട്ടിഘോഷിക്കപ്പെട്ട കേരള മോഡലിന്റെ തകർച്ച, കടുത്ത സാമ്പത്തിക അസമത്വത്തിന്റെ തിരിച്ച് വരവ്, ഭൂമാഫിയകളുടെ സ്വാധീനം, മൊത്തം നികുതി വരുമാനം പലിശയ്ക്കും, പെൻഷനും, ശമ്പളത്തിനുമായി വിനോയഗിക്കേണ്ടി വരുന്ന പ്രതിഭാസം തുടങ്ങിയവയെ മുൻനിർത്തിയാണ് കേരളത്തിന്റെ 'തിരിച്ചു പോക്കിനെ' തിരിച്ചറിയുന്നത്.

തകരുന്ന കാർഷിക മേഖലയും, മന്ദീഭവിച്ച ഉൽപ്പാദന മേഖലയും മുന്നിൽ നിൽക്കുമ്പോഴാണ് ഈ ബഡ്ജറ്റ് അവതരിപ്പിക്കപ്പെടുന്നത്. കാർഷിക–ഉൽപ്പാദന മേഖല ശക്തിപ്പെട്ടാലെ കേരളത്തിന്റെ പിന്നോട്ട് പോക്കിന് തടയിടാൻ കഴിയൂ എന്ന യാഥാർത്ഥ്യ ശബ്ദം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നയരൂപീകരണ വേദികളിൽ മുഴങ്ങി കേൾക്കേണ്ടിയിരിക്കുന്നു.

ഡോ. എം.എ. ഉമ്മൻ എന്ന വിഖ്യാത ധനതത്വ ശാസ്ത്രജ്ഞൻ കേരളത്തിന്റെ പൊള്ളുന്ന ചിത്രം അടുത്തയിടെ തുറന്നുകാട്ടുകയുണ്ടായി; അതിങ്ങനെ :

'കേരളത്തിൽ 8% വരുന്ന അതിസമ്പന്നരുടെ പക്കലേയ്ക്ക് 12 ലക്ഷം ഹെക്ടർ ഭൂമി കൈമാറ്റപ്പെട്ടിരിക്കുന്നു. 49,000 ഹെക്ടർ ഭൂമി കൃഷിയിറക്കാത്ത വിധം രണ്ട് പ്രമുഖ പ്ലാന്റേഷൻ കമ്പനികളുടെ കയ്യിലെത്തിയിരിക്കുന്നു. കേരളത്തിൽ 2012 ൽ 245 ടൺ സ്വർണ്ണം ഔദ്യോഗികമായി വിറ്റഴിച്ചു. ഇതിന് 80,000 കോടി വിലവരും. സർക്കാരിന് ലഭിച്ച നികുതി വെറും 302 കോടി. 4% നികുതി കണക്കാക്കിയാൽ കിട്ടേണ്ടത് 1200 കോടി. ഇന്ത്യയുടെ ജനസംഖ്യയുടെ 2.76% മാത്രമാണ് മലയാളികൾ എന്നാൽ രാജ്യത്ത് നിർമ്മിച്ച വീടുകളിൽ 3.4% കേരളത്തിൽ. ഇതിൽ തന്നെ 11% വീടുകൾ ആളില്ലാതെ പൂട്ടിയിട്ടിരിക്കുന്നു.'

ഇതാണ് നവ സാമ്പത്തിക ചാതുർവർണ്യം. ജാതിവ്യവസ്ഥയ്ക്കൊപ്പം സാമ്പത്തിക ചാതുർവർണ്യവും പ്രചരിക്കുന്നു; വ്യാപകമാകുന്നു. ഭൂമിയും സ്വർണ്ണവും ഒരു ന്യൂനപക്ഷത്തിന്റേത് മാത്രമായി ചുരുങ്ങുന്ന കാലം കേരളം എങ്ങോട്ട് എന്ന ചോദ്യത്തിന് ഉത്തരമാണ് ഈ കണക്കുകൾ.

ഇന്ത്യൻ സംസ്ഥാനങ്ങളിൽ ജലമലിനീകരണം ഏറ്റവും കൂടുതൽ കേരളത്തിൽ എന്നാണ് കണക്കുകൾ. കേരളത്തിലെ 34% ജലസ്രോതസ്സുകളും മലിനമായി കഴിഞ്ഞു എന്നാണ് റിപ്പോർട്ട്. വെള്ളം വറ്റിത്തീർന്നാൽ മാത്രമേ മനുഷ്യൻ കിണറിന്റെ വിലയറിയൂ എന്നൊരു ചൊല്ലുണ്ട്. കേരളമെന്ന കിണറിനുള്ളിലെ കേരള മോഡൽ എന്ന ജലശേഖരം വരൾച്ചയിലേയ്ക്ക് നീങ്ങുന്നു. കിണറിന്റെ വിലയറിയാത്തവരുടെ എണ്ണം വർദ്ധിക്കുന്നു. ഇത്തരം തിരിച്ചറിവോടെ തെളിഞ്ഞ ജലശേഖരം പോലുള്ള ജീവിതംകൊണ്ട്, നമുക്ക് മാതൃകയായി തീർന്ന മനുഷ്യ സ്നേഹികളുടെ ഇരമ്പുന്ന സ്മരണകൾക്ക് മുന്നിൽ 2015 – 16 ലെ ബഡ്ജറ്റ് അവതരിപ്പിക്കപ്പെടാൻ പോകുന്നു.

അഡ്വ. യു പ്രതിഭാഹരി
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

# ആലപ്പുഴ ജില്ലാ പഞ്ചായത്ത്

# ബഡ്ജറ്റ് 2015 - 16

ബഹുമാന്യ സഭാംഗങ്ങളെ,

**"ഞാൻ സത്യത്തിന് വേണ്ടി നിലകൊള്ളുന്നു. സത്യം ഒരിക്കലും അസത്യത്തോട് കൂട് കൂട്ടുകയില്ല. സമസ്തലോകവും എനിക്കെതിരായി വന്നാലും സത്യം തന്നെ അവസാനം ജയിക്കും".**

**സ്വാമി വിവേകാനന്ദൻ**

സ്വാമി വിവേകാനന്ദന്റെ ഈ വാക്കുകളെ മുൻനിർത്തിക്കൊണ്ട് ആലപ്പുഴ ജില്ലാ പഞ്ചായത്ത് 2015-16 ലെ ബഡ്ജറ്റ് അവതരിപ്പിക്കുകയാണ്.

എ.ഡി. 216 ൽ പരശുരാമകാലം അവസാനിച്ചതോടെ 64 കേരളീയ ഗ്രാമങ്ങളിൽ രാജാധിപത്യത്തിൽ നിന്നും വിട്ടുമാറി പൊരിഞ്ചല്ലൂർ, പയ്യന്നൂർ, പറവൂർ, ചെങ്ങന്നൂർ എന്നീ 4 കഴകങ്ങളായി വിഭജിച്ച് ബ്രാഹ്മണരുടെ കീഴിൽ ഒരു ജനകീയ ഭരണ സംവിധാനം ഏർപ്പെടുത്തുകയും ഓരോ കഴകത്തിലും 'തളിയാതിരി' എന്ന സ്ഥാനപ്പേരോടുകൂടി 3 വർഷത്തേയ്ക്ക് ഒരു രക്ഷാ പുരുഷനെ നിയോഗിച്ച് ജനാധിപത്യ ഭരണ സംവിധാനം നടപ്പാക്കുകയും ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട ഗ്രാമങ്ങളിലുള്ള പ്രതിനിധികൾ അതാതുസ്ഥലത്തെ ക്ഷേത്രങ്ങളിൽ സമ്മേളിച്ച് ഭരണപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്ന രീതിയാണ് അന്ന് അവലംബിച്ചിരുന്നത്. 'തളിയാതിരമാർ' പരസ്പരം കലഹിച്ചതിനെ തുടർന്ന് 12 വർഷത്തേയ്ക്ക് ആദിചേര രാജാവായ 'കേരളൻ' ഭരണ സാരഥ്യം ഏറ്റെടുത്തപ്പോഴും രാമഭരണ സമ്പ്രദായത്തിൽ മാറ്റങ്ങൾ ഉണ്ടായില്ല. ഒരു കൂട്ടം കുടുംബങ്ങൾ ചേർന്ന് 'തറ' കരയ്ക്ക് രൂപം കൊടുത്തിരുന്നു. ഓരോ കുടുംബത്തിലും പ്രായത്തിൽ മൂത്തവരായിരുന്നു കാരണവർ. ഈ കാരണവൻമാർ 'തറ' അല്ലെങ്കിൽ കരയിലെ അംഗങ്ങൾ ആയിരുന്നു. 'തറ' യുടെ സഭ 'കൂട്ടം' എന്നറിയപ്പെട്ടിരുന്നു. ഓരോ മാസവും ഇവർ സമ്മേളിച്ച് ഗ്രാമകാര്യങ്ങൾ തീരുമാനിച്ചിരുന്നു. ഓരോ 'തറ' കൂട്ടവും ഓരോ വിഷയത്തെപ്പറ്റി ആലോചിക്കുകയും ഒത്തൊരുമിച്ചുള്ള മൗനം കൊണ്ടോ ആർപ്പുവിളി കൊണ്ടോ ഓരോ തീരുമാനങ്ങളേയും തള്ളിക്കളയുകയോ സ്വീകരിക്കുകയോ ചെയ്യുന്ന പതിവാണ് അവർ തുടർന്ന് പോന്നിരുന്നത്.

'തറ' യുടെ തലവനെയും കണക്കപ്പിള്ളയേയും മറ്റ് ഭാരവാഹികളേയും 'കൂട്ടം' തെരഞ്ഞെടുക്കുകയായിരുന്നു പതിവ്. വരവും ചെലവും സംബന്ധിച്ചുള്ള കണക്കുകൾ പരിശോധിക്കുവാനും ചെലവുകൾക്ക് തുക അനുവദിക്കുവാനും സഭയ്ക്ക് അനുവാദം ഉണ്ടായിരുന്നു. കൃഷികാര്യങ്ങൾക്ക് പുറമേ ക്ഷേത്രഭരണത്തിലും സാമൂഹിക -

സാംസ്ക്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിലും, പൊതു കിണറുകൾ കുഴിക്കുക, സത്രങ്ങൾ നടത്തുക, ധർമ്മ സ്ഥാപനങ്ങൾ സ്ഥാപിച്ച് പരിപാലിക്കുക എന്നീ ഉത്തരവാദിത്വങ്ങളും 'കൂട്ടം' നിർവ്വഹിച്ചിരുന്നു. എന്നാൽ 8-ാം നൂറ്റാണ്ടിൽ ബ്രാഹ്മണ മേധാവിത്വം അരക്കെട്ടുറപ്പിച്ചപ്പോൾ ജാതിവ്യത്യാസമില്ലാത്ത കരകൾക്ക് പുറമേ ബ്രാഹ്മണർ മാത്രം ഉൾക്കൊള്ളുന്ന സഭയും ഗ്രാമഭരണത്തിന്റെ രണ്ടാമത്തെ തട്ടായി രൂപം കൊണ്ടു. ബ്രാഹ്മണർ പൗരോഹത്യ വിഭാഗം എന്ന നിലയിൽ കേരളീയരുടെ സാമൂഹിക മണ്ഡലത്തിൽ സ്ഥാനമുറപ്പിച്ചപ്പോൾ പൗരോഹത്യവും രാഷ്ട്രീയ അധികാരവും ഓരേ കരങ്ങളിൽ എത്തിച്ചേർന്നു. നിലവിലിരുന്ന പ്രാദേശിക ഭരണ ചക്രത്തിന്റെ അലകും പിടിയും മാറാൻ ഇത് വഴിയൊരുക്കുകയും ജാതിവ്യത്യാസമില്ലാതെ എല്ലാവരും ഉൾക്കൊണ്ടിരുന്ന 'തറ' നിശ്ചലമാകുകയും ചെയ്തു. കുറേ 'തറ'കൾ ചേർന്നതായിരുന്നു ഒരു ദേശം ഓരോ ദേശത്തിലും കളരികൾ സ്ഥാപിച്ച് യുവാക്കളെ യുദ്ധമുറകൾ അഭ്യസിപ്പിച്ചിരുന്നു. ദേശത്തിന്റെ അധിപനായി ദേശാധിപനേയും ദേശങ്ങൾ ഉൾക്കൊള്ളുന്ന നാടിന്റെ അധിപനായി നാടുവാഴിയേയും കൂട്ടായി ആലോചിച്ച് നിശ്ചയിച്ചിരുന്ന രീതി അവസാനിക്കുകയും ഇതൊരു പിൻതുടർടച്ചാവകാശം എന്ന നിലയിലേയ്ക്ക് മാറുകയും ചെയ്തു. നാടുവാഴിയുടെ അദ്ധ്യക്ഷതയിലുള്ള നാട്ടുകൂട്ടമാണ് ജില്ലയുടെ ഭരണം നടത്തിയിരുന്നത്. ഇത് യാതൊരു ജനകീയ സ്വഭാവവും ഇല്ലാത്തതായിരുന്നു. പിന്നീട് 1888 ൽ മാർച്ച് 30 ന് തിരുവിതാംകൂർ ഭരണാധികാരിയായിരുന്ന ശ്രീമൂലം തിരുനാൾ രാമവർമ്മ മഹാരാജവ് ശ്രീമൂലം കൗൺസിൽ രൂപീകരിച്ചു. ഇത് ഇന്ത്യൻ നാട്ടുരാജ്യങ്ങളുടെ ചരിത്രത്തിലെ ആദ്യത്തെ നിയമ നിർമ്മാണ സഭയായിരുന്നു. ദിവാനായിരുന്നു ഇതിന്റെ അദ്ധ്യക്ഷൻ 6 ഔദ്യോഗിക അംഗങ്ങളും രണ്ട് അനൗദ്യോഗിക അംഗങ്ങളുമായി 8 അംഗങ്ങളുമായാണ് ശ്രീമൂലം കൗൺസിൽ നിലവിൽ വന്നത്. തുടർന്ന് 1904 ൽ ട്രാവൻകൂർ ലജസ്ലേറ്റീവ് കൗൺസിലിന് പുറമേ മഹാരാജാവിന്റെ ഒരു പുതിയ ഉത്തരവ് മൂലം 'ശ്രീമൂലം പോപ്പുലർ അസംബ്ലി ഓഫ് ട്രാവൻകൂർ' നിലവിൽ വന്നു. ഇന്ത്യയിൽ തന്നെ ഇത്തരത്തിൽ തെരഞ്ഞെടുത്ത ആദ്യത്തെ ജനപ്രാതിനിത്യമുള്ള ഒരു ഭരണ സമിതിയായിരുന്നു. അത്. തുടന്ന് സ്വാതന്ത്ര്യത്തിന് ശേഷം പഞ്ചായത്തുകളുടെ അധികാരം എത്രത്തോളം അധികമാകുന്നുവോ അത്രത്തോളം ജനങ്ങൾക്ക് അത് നന്നായിരിക്കുമെന്നും ഇന്ത്യൻ ജനാധിപത്യത്തിന്റെ മൗലികഘടകം ഗ്രാമജീവിതം നയിക്കുന്ന ജനകോടികളാണെന്നുള്ള ഗാന്ധിജിയുടെ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാസ്വരാജിന് വലിയ പ്രാതിനിധ്യം കിട്ടുകയും തുടർന്ന് 'പഞ്ചായത്ത് രാജ്' സംവിധാനം നടപ്പാക്കാൻ നെഹ്റു തയ്യാറാകുകയും രാജ്യത്തെ ആദ്യത്തെ പഞ്ചായത്ത് രാജസ്ഥാനിലെ നാടോറിലും കേരളത്തിലെ പഞ്ചായത്ത് രാജിന്റെ പ്രവർത്തനം അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു 1960 ജനുവരി 18 ന് എറണാകുളത്ത് വെച്ച് ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

പ്രദേശിക ഭരണകൂടങ്ങൾ കൂടുതൽ ജാഗ്രത പാലിച്ച് ജനക്ഷേമ പദ്ധതികൾക്ക് കൂടുതൽ ഊന്നൽ കൊടുക്കേണ്ട ഒരു സാഹചര്യമാണ് ഇപ്പോഴുള്ളത്. ദരിദ്ര്യ ജനവിഭാഗം ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന സേവന മേഖല പൂർണ്ണമായും

വാണിജ്യവൽക്കരിക്കപ്പെടുന്നു. കോർപ്പറേറ്റുകൾ കൂടുതൽ ശക്തി സംഭരിച്ചിരിക്കുന്നു. ജനങ്ങൾക്ക് രാഷ്ട്രീയ പാർട്ടികളിലും ജനാധിപത്യത്തിലുമുള്ള വിശ്വാസം നഷ്ടപ്പെടുത്തുവാൻ കോർപ്പറേറ്റുകൾ പുത്തൻ അജണ്ടകൾ തയ്യാറാക്കുന്നു. എഴുത്തും പറച്ചിലുമല്ല പ്രവർത്തിയാണ് പ്രാധാന്യമെന്ന് ജനം തിരിച്ചറിയുന്നു. ഈ തരത്തിൽ കോർപ്പറേറ്റുകൾ ശക്തിയാർജ്ജിച്ചതിന്റെ നിരവധി ഉദാഹരണഹങ്ങൾ നമ്മുക്ക് മുന്നിലുണ്ട്. 'നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിട്ടിക്ക്' മരുന്നുവില നിയന്ത്രിക്കുവാനുള്ള അധികാരം സെപ്റ്റംബർ 24 ന് കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവിലൂടെ പിൻവലിച്ചു. ഇതിലൂടെ നിരവധി ആവശ്യ മരുന്നുകളുടെ വില ക്രമാധീതമായി ഉയർന്നു. ക്യാൻസർ രോഗികൾക്ക് നൽകിയരുന്ന 8,500/- രൂപ വിലയുള്ള മരുന്നിന് ഇപ്പോൾ 1,08,000/- രൂപയാകും. ഇതുപോലെ 108 മരുന്നുകളുടെ വിലയാണ് വലിയവില നൽകി വാങ്ങേണ്ടി വരുന്നത്. വിദേശ ഔഷധ കമ്പനികളെ സഹായിക്കാനാണ് കേന്ദ്ര ഗവൺമെന്റ് ഈ നിയമ ഭേദഗതി നടത്തിയത്. 13.1 ലക്ഷം ഇന്ത്യാക്കാർ പണിയെടുക്കുന്ന ഏറ്റവും വലിയ പൊതുമേഖലാ സ്ഥപനമാണ് ഇന്ത്യൻ റെയിൽവേ. ഇനിയും 4 ലക്ഷം ഒഴിവുകൾ നികത്താനുമുണ്ട്. പുതിയ നിയമനം നടത്താതെയും കോർപ്പറേറ്റിനെക്കൊണ്ട് മുതൽ മുടക്കിപ്പിച്ച് സ്വകാര്യ വൽക്കരിക്കാനുള്ള തീവ്രശ്രമം നടന്നുകൊണ്ടിരിക്കുന്നു. എയർ ഇന്ത്യ ഇതേ പാതയിലാണ്.

സർക്കാർ ഹെലികോപ്റ്റർ, കമ്പനിയായ ''പവൻ ഹാൻസ് എയർപോർട്ട് അതോറിട്ട'' യുടെ ഓഹരി വിൽക്കാൻ തീരുമാനിച്ചു. സ്വകാര്യ പങ്കാളിത്തത്തോടെ വീമാനത്താവള നിർമ്മാണം നടത്തുന്നതിന് വേണ്ടിയുള്ള ശ്രമം നടക്കുന്നു. റോഡ് അപകടങ്ങളിൽ പെടുന്നവർക്ക് 10 ലക്ഷം രൂപയിൽ കൂടുതൽ കൊടുക്കേണ്ടതില്ലെന്ന് നിർദ്ദേശിക്കുന്ന മോട്ടോർ വാഹന ഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിച്ച് സ്വകാര്യ ഇൻഷുറൻസ് കമ്പനികളെ സഹായിക്കുകയും പൊതുമേഖലയിൽ നിന്നും പൂർണ്ണമായും ഇൻഷുറൻസ് മേഖല സ്വകാര്യ വൽക്കരിക്കാനും ശ്രമിക്കുന്നു. 2013-14 വർഷം കേന്ദ്ര ബജറ്റിൽ 60% ഇന്ത്യക്കാരുടെ ഉപജീവന മാർഗ്ഗമായ കാർഷിക മേഖലയ്ക്ക് 18781 കോടിയായിരുന്ന ബജറ്റ് വിഹിതം. 2014-15 ൽ കാർഷിക രംഗത്ത് 11531 കോടിയായി കുറച്ചു. 60% വെട്ടിക്കുറച്ചു. ഗ്രാമീണ ജനതയുടെ വികസനം എന്ന തലക്കെട്ടിൽ കഴിഞ്ഞ വർഷം (2013-14) കേന്ദ്ര ബജറ്റിൽ 56438 കോടി രൂപ വെച്ചപ്പോൾ 2014-15 ലെ ബജറ്റിൽ 3082 കോടി മാത്രം വെച്ച് ഗ്രാമീണ മേഖലയെ തകർത്തു. സാമൂഹ്യ സേവന മേഖലയിൽ 2013-14 ൽ കേന്ദ്ര ബജറ്റ് വിഹിതം 193043 കോടി യായിരുന്നു. 2014-15 വർഷം കേന്ദ്ര ഗവൺമെന്റ് 79451 കോടിയിലേയ്ക്ക് വെട്ടിചുരുക്കി ന്യൂനപക്ഷം ജനവിഭാഗം കൂടുതലുള്ള ജില്ലയ്ക്ക് ബഡ്ജറ്റ് വിഹിതം 2013-14 ൽ 832 കോടിയായിരുന്നു. എന്നാൽ 2014-15 ൽ അങ്ങനെയുള്ള ഭാഗമേ നീക്കം ചെയ്തു. ഇന്ധന സബ്സിഡിയ്ക്ക് 2013-14 ൽ 85480 കോടിയായിരുന്നു. 2014-15 ൽ 63427 കോടിയായി ചുരുക്കി. മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് 33383 കോടി രൂപ ബജറ്റിൽ വകിയയിരുത്തി. കഴിഞ്ഞ വർഷത്തേക്കാൾ 350 കോടി രൂപ കൂടുതൽ. പക്ഷെ കൂടെ ചില നിബന്ധനകൾ കൂടി വെച്ചു. തൊഴിലുറപ്പ് പദ്ധതിയിൽ

തെരഞ്ഞെടുത്ത പിന്നോക്ക ജില്ലകൾക്ക് മാത്രം. മാറ്റിവെച്ച പണത്തിന്റെ പകുതു പണം 16500 കോടി കോർപ്പറേറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന യന്ത്രം വാങ്ങാം.

രാജ്യത്തെ 1 കോടിയോളം വരുന്ന സ്ത്രീകളെ അവർ ജീവിച്ചിരിക്കാൻ വേണ്ടി വരുന്ന വരുമാനത്തിന്റെ പത്തിലൊന്ന് കൂലികൊടുത്ത് പണിയെടുപ്പിക്കുന്ന ഏജൻസി യാണ് കേന്ദ്രഭരണ കൂടം. ക്ഷേമ രാഷ്ട്രം എന്ന സങ്കൽപ്പത്തിൽ ഇപ്പോഴും അവശേ ഷിക്കുന്ന കുറെ പദ്ധതികളുടെ നടത്തിപ്പുകാരാണ് ഇവർ. ഇവർ കടുത്ത തൊഴിൽ ചൂഷണത്തിന് വിധേയരായിക്കൊണ്ടിരിക്കുന്നു. കുഞ്ഞുങ്ങളുടെയും അമ്മമാരുടേയും ക്ഷേമം ഉറപ്പ് വരുത്തുന്നതിനും, ശിശുമരണ നിരക്ക് കുറയ്ക്കാനുമുള്ള സംയോജിത ശിശുവികസന പദ്ധതിയുടെ കീഴിലാണ് അംഗനവാടികൾ പ്രവർത്തിക്കുന്നത്. രാജ്യത്ത് ആകെ 13,70,718 അംഗനവാടികൾ ഉണ്ടെന്നാണ് സർക്കാർ കണക്ക്. 25 ലക്ഷത്തിനടു ത്താണ് ഇവിടെ വർക്കറായും ഹെൽപ്പറായും ജോലിചെയ്യുന്നവരുടെ എണ്ണം. ഇവർക്ക് ശമ്പളമില്ല. തുച്ഛമായ ഓണറേറിയത്തിന്റെ പുറത്താണ് ഇവരെക്കൊണ്ട് ജോലിയെടു പ്പിക്കുന്നത്. ഏതാണ്ട് 12 ലക്ഷം സ്കൂളുകളിൽ ഉച്ചഭക്ഷണം നൽകുന്ന ഒരു പദ്ധതി യുണ്ട് സർക്കാരിന്. 25 ലക്ഷം വരുന്ന പാചക തൊഴിലാളികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്. പ്രതിമാസം 1000/- രൂപ നൽകിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. 8 1/2 ലക്ഷം ആശാ വർക്കർമാർ ഗ്രാമീണ ആരോഗ്യമിഷൻ എന്ന പദ്ധതിയിൽ ജോലി ചെയ്യുന്നു. 1000 രൂപയിൽ താഴെയാണ് ഇവരുടെ വേതനം. 5 ലക്ഷം വരുന്ന സ്ത്രീക ളാണ് ദേശീയ ചെറുകിട സമ്പാദ്യ പദ്ധതിയിലുള്ളത്. വളരെ തുച്ഛമായ വേതനത്തിന് അവർ പണിയെടുക്കുന്നു. ക്ഷേമത്തിന്റെ പേരിൽ യാതൊരു മറയുമില്ലാതെ ദയനീയ മായ വിധം തുച്ഛമായ കൂലിക്ക് 1 കോടിയോളം ഇന്ത്യൻ സ്ത്രീകളെ ചൂഷണം ചെയ്യു കയാണ് ഗവൺമെന്റ്. തൊഴിലെടുക്കുന്ന സ്ത്രീകളിൽ 80% ഉം കാർഷിക തൊഴി ലാണ് ചെയ്യുന്നത്. 17 കോടി സ്ത്രീകളാണ് കാർഷിക തൊഴിലാളികൾ. 60% മുതൽ 80% വരെയുള്ള ഇന്ത്യാക്കരുടെ ഭക്ഷണ വസ്തുക്കളുടെ ഉൽപ്പാദകർ അവരാണ്. പക്ഷെ ഇവർക്കുള്ള വേതനം വളരെ തുച്ഛമാണ്. ബാലവേല നിരോധിച്ച ഇന്ത്യയിൽ 50 ലക്ഷം കുട്ടികൾ വിശപ്പടക്കാൻ ബാലവേല ചെയ്യുന്ന രാഷ്ട്രമാണ് ഇന്ത്യയെന്ന് കേന്ദ്രമന്ത്രി ലോകസഭയിൽ ഔദ്യോഗിക രേഖകൾ പ്രകാരം വെളുപ്പെടുത്തി. ഇങ്ങനെ ഇന്ത്യൻ ജനതയുടെ വലിയൊരു വിഭാഗം ചൂഷണത്തിന് വിധേയരാകുമ്പോൾ കോർപ്പറേറ്റു കൾക്ക് വേണ്ടി വലിയ സൗജന്യങ്ങളാണ് കേന്ദ്ര ഗവൺമെന്റ് നൽക്കൊണ്ടിരിക്കുന്ന ത്. പൊതുമേഖലാ ബാങ്കുകൾ 2014 മാർച്ച് 31 വരെ കുത്തകകൾക്കായി എഴുതി തള്ളി യത് 2,31,000/- കോടി രൂപയാണ്. 2004 മുതൽ 2013 വരെ പത്ത് വർഷം കൊണ്ട് കോർപ്പറേറ്റുകൾക്ക് നൽകിയ നികുതിയിളവ് 34,21,383/- കോടി രൂപയാണ്. 125 കോടി ജനതയ്ക്ക് വേണ്ടി 10 വർഷത്തെ സാമൂഹ്യ സബ്സിഡി 13,27,561/- കോടി രൂപ മാത്ര മാണ്. 1955 ൽ രൂപീകരിച്ച ആസൂത്രണ കമ്മീഷൻ നാടിന്റെ വികസനത്തിന് വലിയ മുതൽക്കൂട്ടായിരുന്നു. 1-ാം പഞ്ചവത്സര പദ്ധതിയിൽ 29 കോടി രൂപ നീക്കി വെച്ചു

കൊണ്ടാണ് അതിബൃഹത്തായ ഇന്ത്യൻ പൊതുമേഖല പടുത്തുയർത്തിയതിന്റെ തുടക്കം. 1956 ൽ 48 പൊതുമേഖലാ വ്യവസായങ്ങൾക്കായി 953 കോടി രൂപ നീക്കി വെച്ചു. തുടർന്ന് 5 പഞ്ചവത്സര പദ്ധതികളിലായി 255 സ്ഥാപനങ്ങളുടെ ശൃംഖലയായി അതുമാറി. ഇന്ത്യൻ പൊതുമേഖല ലോകത്തെവിടെയും കാണാത്തവിധം ശക്തമായിരുന്നു. 68 -ാം സ്വാതന്ത്ര്യ ദിനത്തിൽ ചെങ്കോട്ടയിൽ മോദി പ്രഖ്യാപിച്ചത് ഇനി ആസൂത്രണ കമ്മീഷൻ വേണ്ട എന്നാണ്. പകരം അമേരിക്കൻ മോഡൽ കോർപ്പറേറ്റ് ജനാധിപത്യം സംരക്ഷിക്കുന്ന 'നീതി അയോക്ക്' നടപ്പാക്കുമെന്നാണ്. അത് പാർലമെന്റിൽ അവതരിപ്പിച്ച് നിയമമാക്കുകയും ചെയ്തു മോദി. ഇത് പഞ്ചവത്സര പദ്ധതികൾക്ക് പ്രഹരമാണ്. ജനാധിപത്യ സ്വഭാവമുള്ള ആസൂത്രണ കമ്മീഷന് പകരം ഇനി കോർപ്പറേറ്റുകളുടെ പ്രതിനിധികളടങ്ങുന്ന നാല് സാമ്പത്തിക വിദഗ്ദ്ധന്മാരാണ് ഇന്ത്യൻ ജനതയുടെ ക്ഷേമ പദ്ധതികൾ തയ്യാറാക്കുന്നത്. ഇത് ഇന്ത്യയുടെ ജനാധിപത്യത്തിനും പഞ്ചായത്ത് സംവിധാനത്തിനും വലിയ ഭീക്ഷണിയാണ്. ഈ ഘട്ടത്തിൽ മറ്റെല്ലാ രാഷ്ട്രീയ വൈരവും മറന്ന് കോർപ്പറേറ്റുകൾക്കെതിരെ നമുക്കൊരുമിച്ച് കൈകോർക്കേണ്ടതായിട്ടുണ്ട്.

അതുപോലെ തന്നെ ജില്ലാ പഞ്ചായത്തിന്റെ മാവേലിക്കര കൃഷിത്തോട്ടം കഴിഞ്ഞ ദിവസം സർക്കാർ തിരികെ എടുത്തതായി ഒരു ഉത്തരവ് ഇറക്കി. ഇത് അധികാര വികേന്ദ്രീകരണത്തിനെ തുരങ്കം വെയ്ക്കുന്നതിനും പഞ്ചായത്തുകളുടെ അധികാരത്തിലുള്ള കടന്നുകയറ്റവുമാണ്. 80 ഏക്കറോളം ഭൂമി വൻകിട കോർപ്പറേറ്റുകളുടെ കയ്യിൽ ലീസ്സിന് എത്തപ്പെടും എന്ന കാര്യത്തിൽ സംശയമില്ല. ഇതിനെതിരെ കൂട്ടായി പ്രതിക്ഷേധം ഉയർത്തേണ്ടത് ആവശ്യമാണ്. താഴെത്തട്ടിലുള്ള ജനവിഭാഗങ്ങളുടെ ആശയ്ക്കും പ്രതീക്ഷയ്ക്കുമൊത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മാറ്റിയെടുക്കുവാനുള്ള കൂട്ടായ യത്നത്തിൽ നമുക്കൊരുമിച്ച് മുന്നേറാം.

സംസ്ഥാന സർക്കാർ നൽകുന്ന ജനറൽ പർപ്പസ് ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, വികസന ഫണ്ട് ഇവയാണ് ജില്ലാ പഞ്ചായത്തിന്റെ പ്രധാന സാമ്പത്തിക സ്രോതസ്സ്. സംസ്ഥാന ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം ഈ ഫണ്ടുകൾ വർഷത്തിൽ തവണകളായി ജില്ലാ പഞ്ചായത്തിന് നേരിട്ട് നൽകുകയാണ് ചെയ്യുന്നത്. ഇത് ഒരു പരിധി വരെ ജില്ലാ പഞ്ചായത്തുപോലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക പ്രവർത്തന സ്വാതന്ത്ര്യം നൽകിയ ഒന്നായിരുന്നു. ഇത് ഭരണഘടനാ പരമായ സാമ്പത്തിക കൈമാറ്റത്തിന്റെയും ഏകീകരണത്തിന് കാരണമായിരുന്നു. എന്നാൽ ഈ സമ്പ്രദായം അടുത്ത സാമ്പത്തിക വർഷം 2015 ഏപ്രിൽ 1 മുതൽ മാറുകയും ഫണ്ടുകൾ ജില്ലാ പഞ്ചായത്തിന് നേരിട്ട് അനുവദിക്കുന്നതിന് പകരം ബില്ലുകൾ സമർപ്പിക്കുന്നതിനനുസരിച്ച് മാർച്ച്, ജൂലൈ, നവംബർ മാസങ്ങളിലായി 3 തവണകളിൽ മാത്രം തുക അനുവദിക്കുന്ന സമ്പ്രദായം നിലവിൽ വരുന്നു.

ഇതുമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സാമ്പത്തിക സ്വാതന്ത്ര്യം പരിമിതപ്പെടുവാൻ കാരണമാവുകയും വികസന പ്രവർത്തനങ്ങളെ അത് ദോഷകര മായി ബാധിക്കുകയും ചെയ്യും.

2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബജറ്റിൽ 22.48 കോടി രൂപ അനു വദിച്ചിരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബജറ്റിൽ 25 കോടി 32 ലക്ഷത്തി ഇരുപത്തി മൂവായിരം രൂപ അനുവദിച്ചിരുന്നു. 2014-15 ൽ 28 കോടി 58 ലക്ഷത്തി അമ്പെത്തെണ്ണായിരം രൂപയാണ് അനുവദിച്ചത്. എന്നാൽ 2015-16 ൽ പൊതു വിഭാഗത്തിൽ 28 കോടി 58 ലക്ഷത്തി അമ്പെത്തെണ്ണായിരം രൂപയാണ്. ബജറ്റ് വിഹിതം 10% എങ്കിലും കൂട്ടാത്തത് തികച്ചും പ്രതിക്ഷേധാർഹമാണ്. എങ്കിലും ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ വിശദമായ ബജറ്റ് പൂർണ്ണമാക്കു ന്നതിനും ബഹുമാന്യ അംഗങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങൾ ഉണ്ടാകണമെന്നും, അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

2015 - 16 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ ആലപ്പുഴ ജില്ലാ പഞ്ചായത്തിന് വികസന ഫണ്ടായി പൊതുവിഭാഗത്തിൽ 28,58,58,000 **(ഇരുപത്തിയെട്ട് കോടി അൻപത്തിയെട്ട് ലക്ഷത്തി അൻപത്തിയെണ്ണായിരം) രൂപയും** പ്രത്യേക ഘടക പദ്ധതിയിൽ 10,71,13,000 **(പത്ത് കോടി എഴുപത്തി ഒന്ന് ലക്ഷത്തി പതിമൂവായിരം) രൂപയും** പട്ടികവർഗ്ഗ ഉപപദ്ധതിയിൽ 20,46,000 **(ഇരുപത് ലക്ഷത്തി നാൽപ്പത്തി ആറായിരം) രൂപ**യുമുൾപ്പെടെ ആകെ **39,50,17,000 (മുപ്പത്തിയൊൻപത് കോടി അൻപത് ലക്ഷത്തി പതിനേഴായിരം) രൂപ**യാണ് നീക്കിവെച്ചിട്ടുള്ളത്. ഇതിൽ ഉൽപ്പാദന - സേവന മേഖലകൾക്ക് 30% വീതവും പശ്ചാത്തല മേഖലയ്ക്ക് 40% വും തുക ഈ ബഡ്ജറ്റ് വകയിരുത്തുന്നു.

**ഉല്പാദന മേഖല**

- ➡ പഞ്ചായത്തുകളുമായി ചേർന്ന് തരിശുകൃഷി, ഇടവിള കൃഷി
- ➡ ഓണക്കാല പച്ചക്കറി - കുടുംബശ്രീ വഴി സി.ഡി.എസ്.- ക്ലസ്റ്റർ സംഘടിപ്പിച്ച് - ടെറസ് കൃഷി
- ➡ പാടശേഖരങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം
- ➡ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് പച്ചക്കറി കൃഷി അധിക സഹായം
- ➡ പൂ കൃഷി സംഘങ്ങൾക്ക് സഹായം
- ➡ പൂ കൃഷി പ്രോത്സാഹനം - പി.ഡബ്ല്യു.ഡി. - എം.ജി.എൻ.ആർ.ഇ.ജി.എസ്. - കുടുംബശ്രീ - എൻ.എസ്. യൂണിറ്റ് സംയുക്തമായി ഹൈവേ സൈഡിൽ - ഉദ്യാനലക്ഷ്മി

**സേവന മേഖല**

- ➡ പാഥേയം
- ➡ സ്പർശം
- ➡ പാലിയേറ്റീവ്

- നിയോഗം
- എച്ച്.ഐ.വി. പോക്ഷകാഹാരം
- ആശാ വർക്കേഴ്സിന് ഗ്രൂപ്പ് സഹായം
  ബി.പി. അപ്പാരറ്റസ്ട
  വെയിങ്ങ് മെഷിൻ
  ഗ്ലൂക്കോ മീറ്റർ
  യൂണിഫോം
- പകൽവീട് – കൾച്ചറൽ & ഹെൽത്ത്സെന്റർ ഫോർ ഓൾഡേജ് – (വിശ്രമ വിനോദ ഉപാധികൾക്ക് സജ്ജമാക്കൽ
- ലൈബ്രറി
- ഹൈടെക്ക് ലൈബ്രറി
- കുടുംബശ്രീ മുഖേന സ്ത്രീകൾക്ക് ആരോഗ്യ സംരക്ഷണ പരിപാടി
- സ്പോർട്സ് ഉപകരണങ്ങൾ സ്കൂളുകൾക്ക് – കായികക്ഷമത പരിപാടി – യുവ ജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്
- സമഗ്ര വിദ്യാഭ്യാസ പരിപാടി
- പ്രവേശനോത്സവം
- ജില്ലാ പഞ്ചായത്തിന്റെ സ്കൂളുകൾക്ക് ബാന്റ് സെറ്റ് വാങ്ങൽ
- വിദ്യാർത്ഥികൾക്ക് അവധിക്കാല ക്ലാസ്സ് – യോഗ പരിശീലനം ഉൾപ്പെടെ
- ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ അർദ്ധ സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ആയോദന കലയിൽ പരിശീലനം
- ഹൈമാസ് – സോളാർ
- കുടിവെള്ളലൈൻ എക്സ്റ്റൻഷൻ
- ജപ്പാൻ കുടിവെള്ള പദ്ധതി പരിധിയിലുള്ള – എസ്.സി. കുടുംബങ്ങൾക്ക് –
- ഗാർഹിക കണക്ഷൻ
- സ്കൂളുകളിൽ ആർ.ഒ. പ്ലാന്റ്
- വെയിറ്റിംഗ് ഷെഡ്
- നീന്തൽപരിശീലന കേന്ദ്രങ്ങൾ
- മൊബൈൽ നീന്തൽ കുളങ്ങൾ
- പഞ്ചായത്തുകളുമായി ചേർന്ന് വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണ പദ്ധതി
- പഞ്ചായത്തുകൾക്ക് – എയ്റോബിക് കമ്പോസ്റ്റ്
- ഐ.എ.വൈ. ഭവന പദ്ധതി
- അംഗനവാടി നിർമ്മാണം
- കയർ – ഓട്ടോമാറ്റിക് പവ്വർലൂം
- കയർപിരി റാട്ട്
- കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് ആരോഗ്യ സംരക്ഷണ പരിപാടി
- കുട്ടനാടൻ മേഖലയ്ക്ക് – ഫ്ലോട്ടിംഗ് ഡിസ്പൻസറി
- സ്മാർട്ട് ക്ലാസ് റൂം

- നിലവിൽ ചെയ്ത വായനശാലകൾ - ഇലക്ട്രിഫിക്കേഷൻ
- സ്കൂൾ ബസ്
- പറവൂർ ഗവ. സ്കൂളിന് സ്ഥലം വാങ്ങൽ

**പശ്ചാത്തലമേഖല**

- റോഡ് - വിവിധ റോഡുകളുടെ നിർമ്മാണം

**പട്ടികജാതി വിഭാഗം**

**ഉൽപ്പാദന മേഖല / സേവന മേഖല**

- സമഗ്ര കോളനി
- പട്ടികജാതി ശ്മശാനം നവീകരണം
- കർഷിക മേഖലയിൽ കുലത്തൊഴിൽ നിലച്ച് പോയവർക്ക് - മെതിയന്ത്രം, തെങ്ങു കയറ്റ യന്ത്രം
- ജപ്പാൻ കുടിവെള്ള പദ്ധതി പ്രദേശത്തെ പട്ടികജാതി കുടംബങ്ങൾക്ക് - ഗാർഹിക
- കുടിവെള്ള കണക്ഷൻ
- ഐ..എ.വൈ. പട്ടികജാതി ഭവന നിർമ്മാണം
- ട്രാക്ടർ, ടില്ലർ - എസ്.സി. യുവാക്കളുടെ യൂണിറ്റുകൾക്ക്

**പശ്ചാത്തല മേഖള**

- വിവിധ പട്ടികജാതി കോളനികളിൽ റോഡ്
- കുടിവൈള്ള പദ്ധതി

**പട്ടികവർഗ്ഗ വിഭാഗം**

**സേവന മേഖല**

- പ്ലസ്ടൂ പഠനം പൂർത്തിയാക്കിയ യുവതീ-യുവാക്കൾക്ക് തൊഴിലധിഷ്ടിത കമ്പ്യൂട്ടർ പഠനം
- എംപ്ലോയ്മെന്റ് രജിസ്റ്റർ ചെയ്തവർക്ക് പി.എസ്.സി. പരിശീലനം
- പുരുഷ - വനിതാ ഗ്രൂപ്പുകൾക്ക് കോൺക്രീറ്റിംഗ് മേഖലയിൽ പരിശീലനം (ജനൽ, കട്ടള മുതലായ)
- വനിതകളുടെ സ്വയംതൊഴിൽ യൂണിറ്റുകൾ സ്ഥാപിക്കൽ

**മെയിന്റനൻസ് ഗ്രാന്റ് (റോഡ്**

- വിവിധ ഡിവിഷനുകളിലെ റോഡുകൾ അറ്റകുറ്റപ്പണി

**മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്**

- ജില്ലാ ആശുപത്രി മാവേലിക്കര
- ജില്ലാ ആയൂർവ്വേദ ആശുപത്രി
- ജില്ലാ പഞ്ചായത്തിന്റെ ആശുപത്രികളിലേയ്ക്ക് മരുന്നു വാങ്ങൽ
- ജില്ലാ പഞ്ചായത്തിന്റെ സ്കൂളുകൾ - ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ
- സ്മാർട്ട് ക്ലാസ് റൂം - എസ്.എസ്.എൽ.സി. 100 % വിജയം കരസ്ഥമാക്കുന്ന ജില്ലാ പഞ്ചായത്തിന്റെ സ്കൂളുകളിലെ 10 -ാം ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ്സ് റൂമാക്കുന്നു.

മേൽ വിവരിച്ച പ്രകാരം ആകെ **2444971000/- (ഇരുന്നൂറ്റി നാൽപ്പത്തി നാല് കോടി നൽപ്പത്തൊൻപത് ലക്ഷത്തി എഴുപത്തി ഓരായിരം)** രൂപ വരവും **2439768000- (ഇരുന്നൂറ്റി നാൽപ്പത്തി മൂന്ന് കോടി തൊണ്ണൂറ്റി ഏഴ് ലക്ഷത്തി അറുപത്തിയെണ്ണായിരം)** രൂപ ചെലവും **5203000/- (അൻപത്തിരണ്ട് ലക്ഷത്തി മൂവായിരം )** രൂപ നീക്കിയിരുപ്പും പ്രതീക്ഷിക്കുന്ന 2015-16 ലെ ബഡ്ജറ്റ് ഈ സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**തമ്പി മേട്ടുതറ**
(വൈസ് പ്രസിഡന്റ്)